**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4821** **02-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠനം നടത്തുന്നതിന് സർക്കാർ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി,പട്ടികവർഗ്ഗ വിഭാഗങ്ങളിലെ എത്ര വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠനം നടത്തുന്നതിന് സർക്കാർ സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്നും എത്ര തുകയാണ് ഓരോരുത്തർക്കും അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത പഠനത്തിനുള്ള അപേക്ഷ എപ്പോഴാണ് നൽകേണ്ടതെന്നുമുള്ള വിശദാംശം നൽകുമോ; | (എ) | നാളിതുവരെയായി 619 പട്ടികജാതി വിദ്യാർത്ഥികളും 41 പട്ടികവർഗ്ഗ വിദ്യാർത്ഥികളും 57 പിന്നാക്ക വിഭാഗ വിദ്യാർത്ഥികളും ഉൾപ്പെടെ 717 വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠിക്കാൻ അവസരം ലഭ്യമാക്കിയിട്ടുണ്ട്.<br><br>പി.ജി., പി.ജി.ഡിപ്ലോമ., എംഫിൽ, പി.എച്ച്.ഡി , പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാമുകൾ തുടങ്ങിയ കോഴ്സുകൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുക. 12 ലക്ഷം രൂപാ വരെ വാർഷിക വരുമാനമുള്ള 175 പട്ടികജാതി വിദ്യാർത്ഥികൾക്ക് പരമാവധി 25 ലക്ഷം രൂപയും, 12 ലക്ഷം-20 ലക്ഷത്തിന് താഴെ വാർഷിക വരുമാനമുള്ള 25 പട്ടികജാതി വിദ്യാർത്ഥികൾക്ക് പരമാവധി 20ലക്ഷം രൂപയും, 20 ലക്ഷത്തിനു മുകളിൽ വാർഷിക വരുമാനമുള്ള 25 പട്ടികജാതി വിദ്യാർത്ഥികൾക്ക് 15 ലക്ഷം രൂപയും ലഭിക്കും. വരുമാന പരിധിയില്ലാതെ 50 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 25 ലക്ഷം രൂപയും ലഭിക്കും.<br><br>**മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>1) കേരള സംസ്ഥാനത്തെ സ്ഥിരതാമസക്കാരനായിരിക്കണം.<br><br>2) യോഗ്യതാ പരീക്ഷയിൽ 55% മാർക്ക് ലഭിച്ചിരിക്കണം:<br><br>3. 35 വയസിന് താഴെ പ്രായമുള്ളവരായിരിക്കണം.<br><br>4. സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരായിരിക്കരുത്.<br><br>5. ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ സ്കോളർഷിപ്പ് അനുവദിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| | | | 6. വിദേശ യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടിയതിന് ശേഷമുള്ള അപേക്ഷ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.<br><br>സ്കോളർഷിപ്പ് മാനദണ്ഡങ്ങൾ പാലിക്കുന്ന വിദ്യാർത്ഥികൾക്ക് വർഷത്തിൽ ഏതു സമയവും സ്കോളർഷിപ്പിനായി ഉന്നതി വെബ് സൈറ്റ് മുഖേന അപേക്ഷ നൽകാവുന്നതാണ്. |
| (ബി) | ഈ വർഷം ഇതുവരെ എത്ര അപേക്ഷയാണ് ലഭിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര കോടി രൂപയുടെ സഹായത്തിനാണ് ഉത്തരവായിരിക്കുന്നതെന്നും അവശേഷിക്കുന്ന അപേക്ഷകർക്ക് എന്നത്തേക്ക് സഹായം നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) | ഒഡെപെക് വഴി നാളിതുവരെ 1099 പട്ടികജാതി വിദ്യാർത്ഥികളുടെ അപേക്ഷകളും 112 പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അപേക്ഷകളുമാണ് ലഭിച്ചിട്ടുള്ളത്. മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള 325 വിദ്യാർത്ഥികളുടെ ലിസ്റ്റിൽ നിന്നും ഇതിൽ 311 വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 16 കോടി 35 ലക്ഷം രൂപ അനുവദിച്ചു നൽകി. അവശേഷിക്കുന്ന 14 വിദ്യാർത്ഥികളുടെ അപേക്ഷകളിൽ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ